പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2251 **27-10-2026-ൽ മറുപടിയ്ക്ക്**

വിജിലൻസ് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ബുധനൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന മാർട്ടിൻ ആന്റണി 2014-ൽ കോട്ടയം നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, കോട്ടയം വിജിലൻസ് യൂണിറ്റിലെ ഡിവൈ.എസ്.പി. എസ്. സുരേഷ് കുമാറും വിജിലൻസ് ഗ്രേഡ് എ.എസ്.ഐ. പി.ജി. സുധാകരനും ചേർന്ന് ബലപ്രയോഗത്തിലൂടെ ടിയാന്റെ കൈകളിൽ ഫിനോൾഫ്ത്തലീൻ പൊടി പുരട്ടി കൃത്രിമ തെളിവ് സൃഷ്ടിച്ച് അഴിമതിക്കേസ് രജിസ്റ്റർ ചെയ്തുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിൽ ബഹു. കോട്ടയം വിജിലൻസ് കോടതി ടിയാനെ ശിക്ഷിച്ചതിനെത്തുടർന്ന് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ശ്രീ.മാർട്ടിൻ ആന്റണി 2014-ൽ കോട്ടയം നഗരസഭയുടെ കുമാരനെല്ലൂർ സോണൽ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന കാലയളവിൽ കൈക്കൂലി ആവശ്യപ്പെട്ട വിഷയത്തിൽ ടിയാനെതിരെ വി.സി 1/2014/കെ.ടി.എം നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും പണം കൈപ്പറ്റുന്ന വേളയിൽ അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി ബഹു.എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോട്ടയം മുൻപാകെ കുറ്റപത്രം സമർപ്പിക്കുകയും ആയത് സിസി 4/2016 നമ്പരായി ബഹു.കോടതി ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ടി കേസിന്റെ വിചാരണ നടപടികൾ പൂർത്തിയാക്കി, ശ്രീ.മാർട്ടിൻ ആന്റണി കുറ്റക്കാരനെന്ന് കണ്ടെത്തി ടിയാന് 4 വർഷം കഠിനതടവും 1,50,000/- രൂപ പിഴയും വിധിച്ചുകൊണ്ട് 29.11.2025 തീയതിയിൽ ബഹു.കോട്ടയം വിജിലൻസ് കോടതി വിധിന്യായം പുറപ്പെടുവിച്ചു. ടി ശിക്ഷാ വിധി ഉയർത്തുന്നതിനായി അപ്പീൽ സമർപ്പിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയും ആയത് 15.09.2025 തീയതിയിലെ വിജി/എഫ്1/211/2022-വിജി നമ്പർ കത്ത് മുഖേന വിജിലൻസ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹു.വിജിലൻസ് കോടതി വിധിക്കെതിരെ ശ്രീ.മാർട്ടിൻ ആന്റണി Crl A 2268/2025 നമ്പരായി ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതിയുടെ പരിഗണനയിൽ തുടർന്നുവരികയുമാണ്.

(ബി) ഇത് സംബന്ധിച്ച കുറ്റക്കാർ ആയ വിജിലൻസ് ഉദ്യോഗസ്ഥർക്ക് എതിരെ നടപടി ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരളം മുഖ്യമന്ത്രിക്ക് സി.എം.ഒ പോർട്ടൽ വഴി ജി 2260800089 നമ്പർ പരാതി സമർപ്പിച്ചിട്ടുള്ളതും ബഹു. ആഭ്യന്തര മന്ത്രിക്ക് പരാതി സമർപ്പിക്കുകയും, വിജിലൻസ് ഡയറക്ടറോട് ആഭ്യന്തര മന്ത്രി അന്വേഷണ റിപ്പോർട്ട് തേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ

ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളും, അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്നും വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് ഉദ്യോഗസ്ഥർക്ക് എതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ പോർട്ടൽ വഴി ജി 2260800089 നമ്പരായി ശ്രീ.മാർട്ടിൻ ആന്റണി സമർപ്പിച്ച പരാതി 07.09.2026 തീയതിയിലെ വിജി/എഫ്1/219/2026/വിജി നമ്പർ കത്തു പ്രകാരം വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും പ്രസ്തുത വിവരം 07.09.2026 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ശ്രീ.മാർട്ടിൻ ആന്റണിയെ അറിയിച്ചിട്ടുള്ളതുമാണ്. ബഹു.കോട്ടയം എൻകയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ CC 4/2016 കേസിലെ 29.11.2025 തീയതിയിലെ വിധിക്കെതിരെ ശ്രീ.മാർട്ടിൻ ആന്റണി CRL A 2268/2025 നമ്പരായി ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ തുടർന്നു വരുന്ന സാഹചര്യത്തിൽ ടിയാൻ സമർപ്പിച്ച പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് അറിയിച്ചുകൊണ്ട് 14.10.2026 തീയതിയിലെ സി9 (എസ്ജെഎം)37997/2015 കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണമൊന്നും നടക്കുന്നില്ല. ബഹു.മുഖ്യമന്ത്രിക്ക് 17.09.2026-ൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് ആഭ്യന്തര മന്ത്രിക്ക് നൽകുകയും, ടി പരാതി അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കുന്നതിനായി 18.09.2026-ലെ ഉത്തരവ് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് ഉദ്യോഗസ്ഥർക്ക് എതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ പോർട്ടൽ വഴി ജി 2260800089 നമ്പരായി ശ്രീ.മാർട്ടിൻ ആന്റണി സമർപ്പിച്ച പരാതി 07.09.2026 തീയതിയിലെ വിജി/എഫ്1/219/2026/വിജി നമ്പർ കത്തു പ്രകാരം വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും പ്രസ്തുത വിവരം 07.09.2026 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ശ്രീ.മാർട്ടിൻ ആന്റണിയെ അറിയിച്ചിട്ടുള്ളതുമാണ്. ബഹു.കോട്ടയം എൻകയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ CC 4/2016 കേസിലെ 29.11.2025 തീയതിയിലെ വിധിക്കെതിരെ ശ്രീ.മാർട്ടിൻ ആന്റണി CRL A 2268/2025 നമ്പരായി ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ തുടർന്നു വരുന്ന സാഹചര്യത്തിൽ ടിയാൻ സമർപ്പിച്ച പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് അറിയിച്ചുകൊണ്ട് 14.10.2026 തീയതിയിലെ സി9 (എസ്ജെഎം)37997/2015 കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണമൊന്നും നടക്കുന്നില്ല. ബഹു.മുഖ്യമന്ത്രിക്ക് 17.09.2026-ൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് ആഭ്യന്തര മന്ത്രിക്ക് നൽകുകയും, ടി പരാതി അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കുന്നതിനായി 18.09.2026-ലെ ഉത്തരവ് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ